# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി11/1308/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 18/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി11/1308/2025 തീയ്യതി: 18/12/2025

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാ ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 21-10-2025 | 28-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-10-2025 | 28-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പുഷ്പരാജ്.വി.കെ, ഓഡിറ്റ് ഓഫീസർ
ബീന.എ.ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജിമോൾ.പി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ലേഖ.പി.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയിംസ് ചിങ്കുതറ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സതീദേവി രാമൻ നായർ | സെക്രട്ടറി | 01-04-2024 | 31-05-2024 |
| സുരേഷ് കുമാർ പി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2024 | 01-09-2024 |
| ഷാജി എസ് | സെക്രട്ടറി | 02-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പിന്റു റോയ് വട്ടക്കുന്നേൽ | കൃഷി ഓഫീസർ | 01-04-2024 | 16-12-2024 |
| ജീഷ്മ ഷാജി | കൃഷി ഓഫീസർ | 17-12-2024 | 31-03-2025 |
| ദീപ്തി ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. മെൽവിൻ ജെ ഗോൺസാൽവസ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ. അശ്വതി എം | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2024 | 31-03-2025 |
| രാഗേഷ് എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| സവിത സി എം | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-തങ്കി | 01-04-2024 | 17-09-2024 |
| രഞ്ജിത്ത് കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-തങ്കി | 18-09-2024 | 31-03-2025 |
| ഷെൽബി ജോസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-കടക്കരപ്പള്ളി | 01-04-2024 | 31-03-2025 |
| ഡോ. അനുരാജ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശിവപ്രസാദ് എസ് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ലിനി ജെ എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ജയശ്രീ പി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീലത കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 08-08-2024 |
| ലിജിമോൾ എൻ എസ് | ഹെഡ് മിസ്ട്രസ്സ് | 09-08-2024 | 31-03-2025 |
| സുരേഷ് കുമാർ പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 02-09-2024 |
| രതീഷ്കുമാർ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 03-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ബാങ്ക് നേരിട്ട് ഡെബിറ്റ് /ക്രെഡിറ്റ് ചെയ്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 1-1-3 |
| 5 | വാർഷിക കണക്കിലെ തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി4 പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നു | 1-1-7 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള വരവ് ചെലവുകൾ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊന്നും വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെട്ടിട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതി | 1-7 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | വസ്തു നികുതി നിർണ്ണയത്തിലെ ന്യൂനതകൾ | 1-10 |
| 21 | അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-11 |
| 22 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 23 | മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു | 1-13 |
| 24 | വസ്തുനികുതി വിവരശേഖരണം പൂർത്തിയായില്ല | 1-14 |
| 25 | പുഷ്പ കൃഷി -തൈകൾ വാങ്ങുന്നതിനായി ഗുണഭോക്തൃവിഹിതം പിരിച്ചില്ല | 1-15 |
| 26 | നെൽ വിത്ത് വിതരണം -യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ നെൽ വിത്ത് വാങ്ങി | 1-16 |
| 27 | പാലിന് സബ്സിഡി ഇനത്തിൽ അധികം തുക അനുവദിച്ചു. | 1-17 |
| 28 | ഭിന്നശേഷി സ്ക്കോളർഷിപ്പ് വിതരണം- അർഹമായതിലും അധിക തുക നൽകി | 1-18 |
| 29 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-19 |
| 30 | മെൻസ്ട്രൽ കപ്പ് - വിതരണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 31 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ -കോഴ്സ് പൂർത്തിയായവർക്ക് ആനുകൂല്യം അനുവദിച്ചു | 1-21 |
| 32 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |
| 33 | ഭിന്നശേഷി പുനരധിവാസകേന്ദ്രം വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-23 |
| 34 | ഡിമാന്റ് നോട്ടീസ് വിതരണം - തുക നല്കിയതിന്റെ ചെലവ് രേഖ ലഭ്യമാക്കിയില്ല | 1-24 |
| 35 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആദായനികുതി ഈടാക്കി | 1-25 |
| 36 | ആദായ നികുതി-സ്രോതസിൽ കുറവ് ചെയ്യാത്തത് സംബന്ധിച്ച് | 1-26 |
| 37 | ക്ഷേമ പെൻഷൻ അനർഹമായ കാലയളവിലേക്ക് തുക നൽകി | 1-27 |

| | | |
|---|---|---|
| 38 | തോട് ആഴം കൂട്ടി വൃത്തിയാക്കൽ -MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധികച്ചെലവിന് ഇടയാക്കി | 1-28 |
| 39 | പഞ്ചായത്തിന് കീഴിലെ സർക്കാർ സ്കൂളുകൾക്ക് ബെഞ്ച്,ഡെസ്ക് - ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തി | 1-29 |
| 40 | അവിദഗ്ധ തൊഴിൽ ദിനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും അധികമായി തുക അനുവദിച്ച് നൽകി | 1-30 |
| 41 | ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും | 1-31 |
| 42 | ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പുഷ്പ കൃഷി -തൈകൾ വാങ്ങുന്നതിനായി ഗുണഭോക്തൃവിഹിതം പിരിച്ചില്ല | 3-1 |
| 2 | പാലിന് സബ്സിഡി തുക അധികം നല്കി | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2025-ലെ കമ്മറ്റി 2(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 08.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2) (ഇ),(എഫ്) എന്നിവ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) അടുത്ത വർഷം മുതൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹8907695/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [₹3016001/-] പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല.

**1-1-3 ബാങ്ക് നേരിട്ട് ഡെബിറ്റ് /ക്രെഡിറ്റ് ചെയ്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല**

ഗ്രാമ പഞ്ചായത്തിന്റെ Federal Bank Thankey (12260100341458) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 13.08.2024 | 21547/- |
| 2 | 31.03.2025 | 92271/- |
| 3 | 31.03.2025 | 20244/- |

ഗ്രാമ പഞ്ചായത്തിന്റെ FEDERAL BANK Own Revenue Fund THANKEY (12260100357561) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Credited By Bank എന്നതിനു കീഴെ താഴെപ്പറയും പ്രകാരമുള്ള തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 29.03.2025 | 5890/- |
| 2 | 19.02.2025 | 500/- |
| 3 | 29.03.2025 | 56855/- |
| 4 | 31.03.2025 | 6786/- |
| 5 | 31.03.2025 | 636/- |
| 6 | 18.03.2025 | 38/- |
| 7 | 31.01.2025 | 159489 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പട്ടികയിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 4.10.2025) അടുത്ത സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്ന് മറുപടി നല്കി.

**1-1-4 വാർഷിക കണക്കിലെ തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ഇനത്തിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 6174238/- രൂപയാണ് [4598889(I-6)+ 1575349 (Cc)] എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 6084270/-രൂപയാണ്.

വാർഷിക കണക്ക് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ഇനത്തിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 8353915/- രൂപയാണ് എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 8337547/-രൂപയാണ്.

വാർഷിക കണക്ക് പ്രകാരം ഹെൽത്ത് ഗ്രാന്റ് സ്കീം-4-ഇനത്തിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 260506/- രൂപയാണ് എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 257936/-രൂപയാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) പ്രസ്തുത ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവുകൾ സുലേഖയിൽ ഉൾപ്പെടാതിരുന്നതാണ് വ്യത്യാസത്തിന് കാരണമെന്നും അടുത്ത സാമ്പത്തിക വർഷം ചെലവുകൾ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നല്കി.

**1-1-5 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബി4 പ്രകാരമുള്ള നീക്കിയിരിപ്പ് ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ടൈഡ്, അൺടൈഡ്) അവശേഷിക്കുന്ന ബാധ്യത 2926985/-രൂപയാണ്. എന്നാൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (Federal Bank- 12260100341458) 3061047/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി

24.10.2025) അടുത്ത സാമ്പത്തിക വർഷം തുകകൾ ഏകീകരിക്കുന്നതാണെന്ന് മറുപടി നല്കി.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല**

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 09.12.2024-ലും, 31.03.2025-ലും മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) അടുത്ത വർഷം മുതൽ സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

**1-1-7 തെറ്റായ ശീർഷകത്തിൽ ബുക്ക് ചെയ്യുന്നു**

A)ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യുന്നതിന് 320100202- Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs, 320100204- Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres Into Health And Wellness Centres എന്നിങ്ങനെ ഹെഡുകൾ ലഭ്യമായിരുന്നിട്ടും അവ യഥാക്രമം National Health Mission, National Rural Health Mission എന്നീ ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

B)ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(f) പ്രകാരം Administrative Expenses- Mahatma Gandhi NREGA എന്നയിനത്തിൽ 74878978/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം ഈയിനത്തിലുള്ള ആകെ ചെലവ് 1724105/-രൂപ മാത്രമാണെന്ന് കാണുന്നു. വേതനം ഇനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക പ്രത്യേകം അക്കൗണ്ട് ചെയ്യാതെ Administrative Expenses എന്ന ഹെഡിൽ തന്നെ ഉൾപ്പെടുത്തിയതായി കാണുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) അടുത്ത സാമ്പത്തിക വർഷം മുതൽ നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി.

**1-1-8 എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള വരവ് ചെലവുകൾ -വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ 2024-25 വർഷത്തെ ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് പ്രകാരമുള്ള ആകെ വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊന്നും വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെട്ടിട്ടില്ല**

പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളൊന്നും വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8 തീയതി 24.10.2025) വില്ലേജിൽ നിന്നും സ്ഥലത്തിന്റെ വാല്യുവേഷൻ വാങ്ങി ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി നല്കി.

ന്യൂനതകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 13.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 18-03-2025 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ് പ്രകാരം | ₹296820877/- | ₹286953620/- |
| വാർഷികകണക്ക്പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം) | ₹18,58,88,879/- | ₹18,43,07,332/- |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | ₹55,68,359/- |
| വരവ് | ₹5,21,53,000/- |
| ആകെ | ₹5,77,21,359/- |

| | |
|---|---|
| ചെലവ് | ₹4,91,36,999/- |
| നീക്കിയിരിപ്പ് | ₹85,84,360/- |

**1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ**

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു.

A).ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി., റ്റി.എസ്.പി.) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 14543826 | 18915580 |
| ചെലവ് | 18915580 | 18915580 |
| നീക്കിയിരിപ്പ് | (-)4371754 | 0 |

2. വികസന ഫണ്ട് (എസ്.സി.പി.)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1423019 | 1589000 |
| ചെലവ് | 1487981 | 1487981 |
| നീക്കിയിരിപ്പ് | (-)64962 | 101019 |

B)ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, ചെലവുകൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 0 |
| വരവ് | 7469234 | 7469234 |
| ആകെ | 7469234 | 7469234 |
| ചെലവ് | 5030845 | 5047213 |
| നീക്കിയിരിപ്പ് | 2438389 | 2422021 |

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | 0 | 514955 |
| വരവ് | 3180374 | 3180374 |
| പലിശ | 0 | 136204 |
| ആകെ | 3180374 | 3831533 |
| ചെലവ് | 3306702 | 3306702 |
| നീക്കിയിരിപ്പ് | (-)126328 | 524831 |

C).മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഇനത്തിലെ ചെലവുകൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതു മൂലം ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

5.മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 0 | 0 |
| വരവ് | 6176000 | 6176000 |
| ആകെ | 6176000 | 6176000 |
| ചെലവ് | 6084270 | 6174238 |
| നീക്കിയിരിപ്പ് | 91730 | 1762 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | ആകെ | ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18915580 | 18915580 | 18915580 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1589000 | 1589000 | 1487981 | 101019 (ലാപ്സായി) |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 9411000 | 9411000 | 9411000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 6176000 | 6176000 | 6174238 | 1762 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 0 | 7429500 | 7429500 | 5027346 | 2402154 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | 0 | 39734 | 39734 | 19867 | 19867 (ലാപ്സായി) |
| പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) -ബാങ്ക് | 514955 | 3316578 | 3831533 | 3306702 | 524831 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്ക്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 677790 | 335756 | 1013546 | 335335 | 678211 (നീക്കിയിരിപ്പ്) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്ക്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 293530 | 526130 | 819660 | 260506 | 559154 (നീക്കിയിരിപ്പ്) |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 235 | 199918711 | 139 | 72797901 | 30 | 66 | 59.15% |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2524 | 1721692 | 1724216 | 1724211 | 5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 73154789 | 73154789 | 73154789 | 0 |
| ആകെ | 2524 | 74876481 | 74879005 | 74879000 | 5 |

**1-7 ക്ഷേമ പദ്ധതി**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16560 | 23 |
| കർഷക തൊഴിലാളി പെൻഷൻ | 2463600 | 146 |
| വിധവാ പെൻഷൻ | 6510400 | 449 |
| വാർദ്ധക്യകാല പെൻഷൻ | 20434200 | 1756 |
| വികലാംഗ പെൻഷൻ | 4312800 | 271 |
| അവിവാഹിത പെൻഷൻ | 1065200 | 70 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2025 തീയതിയിൽ 03:15 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി പരിശോധനയിൽ 2272/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, 3 സീനിയർ ക്ലാർക്ക്, 4 ക്ലാർക്ക്, 1 ഓഫീസ് അറ്റൻഡന്റ്, 1 പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരുടെ ചുമതലകൾ 17.10.2022-ലെ 10-ാം നമ്പർ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷം ഇപ്രകാരം 32 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1.ഭരണസമിതിയുടെ മിനിട്സ് ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല.

ഭരണസമിതിയുടെ മിനിട്സ് സെക്രട്ടറി പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയയ്ക്കുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഉദാഹരണമായി 17.03.2025-ൽ ചേർന്ന യോഗത്തിന്റെ മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ചിരിക്കുന്നത് 14.05.2025-ൽ ആണ്.

2.ജനറൽ-കമ്പ്യൂട്ടർ ഹാർഡ്‌വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.ഗ്രാമ പഞ്ചായത്തിന്റെ ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്ത

സാഹചര്യമുണ്ട്. തൻവർഷം അംഗീകാരം നേടി തുക ചെലവഴിച്ചതിനു ശേഷം പ്രോജക്ട് റിവിഷനു വേണ്ടി നല്കിയ സാഹചര്യത്തിൽ പ്രോജക്ടുകൾ അംഗീകരിക്കപ്പെടാതെ കിടക്കുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

4.മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതു മൂലം മരണശേഷവും പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 വസ്തു നികുതി നിർണ്ണയത്തിലെ ന്യൂനതകൾ**

വസ്തു നികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയിൽ ആവശ്യമായ ഇളവുകളും വർദ്ധനവുകളും നല്കേണ്ടതാണ്. പഞ്ചായത്തിന്റെ 2024-25 വർഷത്തെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെകൊടുക്കുന്നു

1)വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയാകുന്നു.

| ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടനമ്പർ/ | വിസ്തീർണ്ണം |
|---|---|---|---|
| ഷാമി.പി.ടി,പാവിശ്ശേരിവെളിയിൽ | പാർപ്പിടം | 10/63A | 182.72m2(താഴത്തെ നില) |
| | | | 77.28(ഒന്നാം നില) |
| സരളകുമാരി ,തുഷാരം | പാർപ്പിടം | 8/11A | 181.43m2(താഴത്തെ നില) |
| | | | 141.32(ഒന്നാം നില) |

മേൽ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല.
2)വിഷ്ണു.പി.എസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/493A മുതൽ L വരെയുള്ള വാണിജ്യാവശ്യ കെട്ടിടത്തിന് ആകെ 353.39$M^2$ വിസ്തീർണ്ണമുണ്ട്. ഇതിൽ 493I എന്ന കെട്ടിടത്തിന് 100$m^2$ വരെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നിരക്ക് നല്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.24/27.10.2025) നൽകിയതിനു് മറുപടിയായി നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതു പ്രകാരം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

**1-11 അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കിയില്ല**

കേരള പഞ്ചായത്ത് രാജ് ആക്ട് 207 ബി എ വകുപ്പ് പ്രകാരം ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചു വന്നിരുന്ന വസ്തുനികുതിയിളവ് 01.04.2023 പ്രാബല്യത്തിൽ ഒഴിവാക്കിയിരുന്നു. സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെ ജി.എ 2/2023/നിയമം ഉത്തരവ് (2023 ലെ 18-ാം ആക്ട്), 2023 ലെ കേരള ധനകാര്യ (2-ാം നമ്പർ ആക്ട്) എന്നിവ പ്രകാരം വസ്തു നികുതി ഈടാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ശ്രീ രാജരാജേശ്വരി ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സ്കൂൾ കോംപൌണ്ടിലുള്ള എല്ലാ കെട്ടിടങ്ങളുടെയും കെട്ടിടനമ്പർ/തറവിസ്തൃതി/ഉപയോഗക്രമം എന്നിവ പഞ്ചായത്ത് മരാമത്ത് വിഭാഗം മുഖേന (LID &EW ) അളന്ന് തിട്ടപ്പെടുത്തി, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിന്റെ കാലപ്പഴക്കം, കടന്നുപോകുന്ന റോഡിന്റെ പേര്, വഴി വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (1/22.10.2025) നല്കിയതിനെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

| ITEM | BUILT UP AREA | ROOF TYPE | DOOR NO | YEAR OF CONSTRUCTION |
|---|---|---|---|---|
| BUILDING NO.1 | 338.33M2 | RCC | NIL | 2017 |
| GROUND | 80.45M2 | RCC | NILL | 2017 |

| | | | | |
|---|---|---|---|---|
| FLOOR<br>FIRST FLOOR | | | | |
| BUILDING No.2<br>GROUND FLOOR<br>FIRST FLOOR<br>SECOND FLOOR | 373.92M2<br>373.92M2<br>373.92M2 | RCC<br>RCC<br>RCC | VIII/82<br>VIII/82<br>VIII/82 | 2002<br>2002<br>2002 |
| OPEN STAGE<br>GROUND FLOOR | 83.93M2 | GI SHEET | NIL | 2015 |
| BUILDING NO.3<br>GROUND FLOOR | 163.150M2 | GI SHEET | NIL | 2015 |
| BUILDING NO.4<br>GROUND FLOOR | 189.11M2 | GI SHEET | NIL | 2015 |
| BUILDING NO.5<br>GROUND FLOOR | 88.35M2 | MP TILES | NIL | 2002 |

ROAD WIDTH -8.00M

മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്കെല്ലാം നികുതി ഈടാക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളിൽ നികുതി നിർണ്ണയിച്ചിട്ടില്ലാത്ത കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-12 തൊഴിൽ നികുതി ഈടാക്കിയില്ല**

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ഒന്നിലധികം കരാർ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1)വരദകുമാർ.കെ.ഡി,

2)വിഷ് ണുരാജ്.എം.എസ്,

3)അജീഷ്.എം.എസ്

4)മനോജ്കുമാർ.കെ.എസ്

5)ഭാർഗവൻ.കെ

6)രാജേഷ്.,സി

7)സിറാജുദ്ദീൻ.കെ.കെ

തങ്കി നിർമ്മൽ എസ്.സി.ബി ലിമിറ്റഡ് നം. 1003, കടക്കരപ്പള്ളി എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ചവരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (18/27.10.2025) മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം പഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തു നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങളും (ടവർ സ്ഥാപിച്ചിട്ടുള്ള ആൾ ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം, കെട്ടിട ഉടമയുടെ വിലാസം, കമ്പനിയുടെ പേര്), സ്വകാര്യ വസ്തുവിൽ സ്ഥാപിക്കപ്പെട്ട ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാടക ലഭിക്കുന്ന ഉടമയുടെ പേര്, ഉപയോഗപ്പെടുത്തുന്ന വിസ്തീർണ്ണം) എന്നീ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർ മുഖേന ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.02/22.10.2025) നൽകിയതിന് സഞ്ചയ ഡാറ്റബെയ്സിലുൾപ്പെടാത്തതും അനധികൃതമായി പ്രവർത്തിക്കുന്നതുമായ 3 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് | സർവ്വീസ് പ്രൊവൈഡറുടെ /സ്ഥല ഉടമയുടെ പേര് | പ്രവർത്തനം ആരംഭിച്ച സാമ്പത്തിക വർഷം |
|---|---|---|---|
| 1 | 7 | എയർസെൽ ടവർ/സിന്ധു കാഞ്ഞിരംകാട് | 2010 |
| 2 | 13 | ജിയോ ടവർ, തമ്പി പൊള്ളയിൽ തൈക്കൽ | 2020 |
| 3 | 13 | ഇൻഡസ് ടവർ ശ്രീജിത്ത് ശ്രീനിവാസ് തൈക്കൽ | 2023 |

അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി വിവരശേഖരണം പൂർത്തിയായില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ജോലികൾ നിലവിലും പൂർത്തീകരിച്ചില്ല.

22.03.2023 ലെ സ.ഉ(കൈ) നം.77/2023/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ശരിയായ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ (ഖണ്ഡിക 6 മുതൽ 24 വരെ) ലഭ്യമാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശം പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/22.10.2025) മറുപടി നല്കിയതുപ്രകാരം വിവരശേഖരണത്തിനായി ആകെ നാല് വ്യക്തികളെ നിയോഗിച്ചുവെങ്കിലും ആകെയുള്ള 14 വാർഡുകളിൽ നാല് വാർഡുകളിലായി ആകെ 1056 കെട്ടിടങ്ങളുടെ വിവരശേഖരണമാണ് നടത്തിയിട്ടുള്ളത്. ഇതിനായി 25/- രൂപ നിരക്കിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. 675 കെട്ടിടങ്ങളുടെ ഉദ്യോഗസ്ഥതല പരിശോധന നടത്തിയതായും മറുപടി നല്കി. വിവരങ്ങൾ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ലഭ്യമായിട്ടില്ലാത്തതിനാൽ നികുതി പുനർനിർണ്ണയിച്ചിട്ടില്ല. അധിക നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലൂടെ വരുമാനവർദ്ധനവ് സാധ്യമാകുന്നതാണ്. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-15 പുഷ്പ കൃഷി -തൈകൾ വാങ്ങുന്നതിനായി ഗുണഭോക്തൃവിഹിതം പിരിച്ചില്ല**

നിർവ്വഹണം-കൃഷി ഓഫീസർ

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| പുഷ്പകൃഷി വനിതാ ഗ്രൂപ്പുകൾക്ക് പ്രോജക്ട് നം. S0121/25 | ₹2,25,000/-(₹2,00,000/- വികസന ഫണ്ട് ജനറൽ, ₹25,000/- ഗുണഭോക്തൃ വിഹിതം) | ₹2,25,000/-(₹2,00,000/- വികസന ഫണ്ട് ജനറൽ,₹25,000/- ഗുണഭോക്തൃ വിഹിതം) | TRN 24060500000006287/ 6.7.24, ₹1,25,000/- TRN24060500000006290/ 6.7.24,₹75,000/- ചെക്ക് നം. 330819/10.12.24, ₹25,000/- |

ടി പ്രോജക്ടിൽ 15 വനിതാ ഗ്രൂപ്പുകൾക്കാണ് ബന്ദിചെടിയുടെ തൈകളും വളവും വിതരണം നടത്തിയിരിക്കുന്നത്. 10 സെന്റ് സ്ഥലത്തിന് 2000 തൈകളും 200 കിലോഗ്രാം ജൈവവളവും എന്ന രീതിയിലാണ് വിതരണം നടത്തിയിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നും ₹1,25,000/- രൂപ ചെലവഴിച്ച് കടക്കരപ്പള്ളി എ ഗ്രേഡ് ക്ലസ്റ്ററിൽ നിന്നും തൈ ഒന്നിന് ₹2.5/- രൂപ നിരക്കിൽ 50,000 ബന്ദിചെടിയുടെ തൈകൾ പർച്ചേസ് ചെയ്തിട്ടുണ്ട്(ഇൻവോയ്സ് നം.641/20.6.2024, ₹1,25,000/-). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.5.2022) ഖണ്ഡിക 6.1.5 പ്രകാരം ജനറൽ വിഭാഗത്തിന് പുഷ്പകൃഷിയ്ക്കുള്ള തൈകൾ 75% സബ്സിഡി നിരക്കിൽ വിതരണം നടത്താവുന്നതാണ്. എന്നാൽ ടി പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം പിരിയ്ക്കാതെ 100% സബ്സിഡിയിലാണ് തൈകൾ വിതരണം നടത്തിയിരിക്കുന്നത്. ഇതുമൂലം വികസനഫണ്ടിൽ നിന്നും ₹31250/- അധികം ചെലവഴിക്കാനിടയായിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 31250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ടി തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ₹31250/-രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

കൂടാതെ 01.7.2024 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(1) നമ്പർ തീരുമാന പ്രകാരം 31 വനിതാ ഗ്രൂപ്പുകളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾക്ക് ഗ്രാമസഭയിൽ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-16 നെൽ വിത്ത് വിതരണം -യൂണിറ്റ് കോസ്റ്റിലും അധിക നിരക്കിൽ നെൽ വിത്ത് വാങ്ങി**

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| സമഗ്ര നെൽകൃഷി വികസനം പ്രോജക്ട് നം- S0121/25 | ₹1,25,160/-(₹55,160/- വികസന ഫണ്ട് ജനറൽ,₹70,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | ₹55,160/- (വികസന ഫണ്ട് ജനറൽ) | TRN24060500000006289/6.7.2024,30,000/- TRN24060500000023771/13.3.2025,25,160/- |

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ, ഇൻവോയ്സ് നം. 346/K/000004/24-25, 17.4.24 പ്രകാരം വിരിപ്പ് കൃഷി നടത്തുന്നതിനായി വൈറ്റില റൈസ് റിസർച്ച് സ്റ്റേഷനിൽ നിന്നും 300 കിലോഗ്രാം നെൽവിത്ത് (വൈറ്റില 10) കിലോഗ്രാമിന് 100/- രൂപ നിരക്കിൽ (BRN 31582/2.7.24, ₹30,000/-) വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ജില്ലാതല യൂണിറ്റ് കോസ്റ്റ് (നം.119/2013/ഡിപിസി/ഡിപിഒ /എ.എൽ.പി, തീയതി 20.2.2025) പ്രകാരം വിരിപ്പ് കൃഷിക്ക് പരമാവധി യൂണിറ്റ് കോസ്റ്റ് കിലോഗ്രാമിന് 90/- രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. യൂണിറ്റ് കോസ്റ്റിലും അധികരിച്ച് വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/27.10.2025) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ 300 കിലോഗ്രാം നെൽവിത്തിന് യൂണിറ്റ് കോസ്റ്റിലും അധികമായി നൽകിയ 3000/-(300kgx10) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 'വൈറ്റില10' വിത്തിനം യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാതല സമിതിയ്ക്ക് ശുപാർശ ചെയ്യേണ്ടതും ഭാവിയിൽ യൂണിറ്റ് കോസ്റ്റിന് വിധേയമായി വിത്തിനങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിയ്ക്കേണ്ടതുമാണ്.

**1-17 പാലിന് സബ്സിഡി ഇനത്തിൽ അധികം തുക അനുവദിച്ചു.**

സബ്സിഡി മാർഗ്ഗരേഖ(സ.ഉ. (കൈ)(കൈ)115/2022/ത.സ്വ.ഭ.വ., തീയതി 28.5.2022) ഖണ്ഡിക 6.3 പട്ടിക ക്രമ നം.9 പ്രകാരം ക്ഷീരകർഷകർക്ക് ഒരു വർഷം പാലിന് സബ്സിഡിയായി പരമാവധി 40000/- രൂപയാണ് നല്കാവുന്നത്. ഗ്രാമപഞ്ചായത്തിലെ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രോജക്ടിലുൾപ്പെടുത്തി തങ്കി നിർമ്മൽ ക്ഷീരോല്പാദകസംഘത്തിലെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം (4/2024 മുതൽ 2/2025 വരെ) മാർഗരറ്റ് ജോൺകുട്ടി എന്ന വ്യക്തിക്ക് അധികമായി തുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | ബിൽ റഫറൻസ് നമ്പർ/തീയതി | ബിൽ തുക | ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയ തുക |
|---|---|---|---|
| S010/25 പാലിന് സബ്സിഡി | 24060552020401061421/19.12.24 | 38283/- | 11430/- |
| | 24060552020401061424/19.12.24 | 8319/- | 4020/-- |
| | 24060552020401109857/30.12.24 | 18915/- | 9249/- |
| | 24060552020401109867/30.12.24 | 9132/- | 4470/- |
| | 24060552020401109864/30.12.24 | 7905/- | 4371/- |
| | 24060552020401350661/19.02.2025 | 62988/- | 3528/- |
| | 24060552020401457286/7.3.2025 | 70586/- | 3552/- |
| | 24060552020401424733/5.3.2025 | 3640/- | 2932/- |
| | | | 43552/- |

അനുവദനീയമായതിലും അധിക തുക (3552/- രൂപ) സബ്സിഡിയായി നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/27.10.2025) നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയ 3552/- രൂപ തിരികെ ഈടാക്കി ഒടുക്കേണ്ടതാണ്.

**1-18 ഭിന്നശേഷി സ്ക്കോളർഷിപ്പ് വിതരണം- അർഹമായതിലും അധിക തുക നൽകി**

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| ശാരീരിക മാനസിക വെല്ലുവിളി | ₹11,33,600/- (₹66,33,600 വികസന ഫണ്ട് | ₹10,63,200/- (₹66,33,600 വികസന ഫണ്ട് | TRN 24060500000017425/ 18.12.24, ₹545640 TRN |

| | | | |
|---|---|---|---|
| നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട്നം- S0015/25 | ജനറൽ,₹3,75,000 ബ്ലോക്ക് പഞ്ചായത്ത്,₹1,25,000 ജില്ലാ പഞ്ചായത്ത്) | ജനറൽ,₹3,24,200 ബ്ലോക്ക് പഞ്ചായത്ത്,₹1,05,400 ജില്ലാ പഞ്ചായത്ത്) | 240605000000020070/ 6.2.25, ₹72360 TRN 240605000000020071/ 6.2.25, ₹105400 TRN 240605000000020073/ 6.2.25, ₹235600 TRN 240605000000023405/ 11.3.25, ₹15600 TRN 240605000000024055/ 14.3.25, ₹80600 TRN 240605000000024054/ 14.3.25, ₹8000 |

ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ, 6-ാം ക്ലാസ്സിൽ പഠിക്കുന്ന ശാരീരിക വൈകല്യമുള്ള ദാവാനന്ദ്, കണ്ണന്തറ ഹൗസ് എന്ന വിദ്യാർത്ഥിയ്ക്ക് അർഹമായ സ്കോളർഷിപ്പ് തുക 10600/- രൂപയാണ്(സ്കൂൾ പ്രവർത്തിക്കുന്ന മാസങ്ങളിൽ സ്ഥാപനത്തിന്റെ വാഹന വാടകയും വാർഷിക ബത്തയും ഉൾപ്പെടെ). എന്നാൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് അനുവദിയ്ക്കാവുന്ന 13500/- രൂപ നൽകി. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.20/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2900/- രൂപ തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-19 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ പ്രോജക്ടുകളിലുൾപ്പെടുത്തി ആയുഷ് പി എച്ച് സി ഹോമിയോയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭ്യമായതായി കാണുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | ബിൽ നം./തീയതി/ തുക | പ്രഫോർമ ഇൻവോയ്സ് നം./ തീയതി /തുക | ഇൻവോയ്സ് നം./ തീയതി /തുക |
|---|---|---|---|---|
| S0016/25 എപിഎച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ | 300000 (റോഡിതരം) | TRN 240605000000013917/ 25.10.2024-300000/- | #PF-439/ 18.10.2024-300000/- | LF-2857/ 8.3.2025-124782/- LF-1680/ 17.10.2025-143000/- |
| ആകെ | | | | 267782/- |

32218/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14 തീയതി 27.10.2025) നല്കിയതിന് 32218/-രൂപയുടെ മരുന്നുകൾ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്ന വിവരം അറിയിക്കേണ്ടതാണ്.

## 1-20 മെൻസ്ട്രൽ കപ്പ് - വിതരണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് പ്രോജക്ട്നംS0154/25 Spill Over |
| അടങ്കൽ | ₹3,70,605 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹3,70,605 (വികസന ഫണ്ട് ജനറൽ) |
| ബിൽ നം./തീയതി | TRN 240605000000005140/20.6.24,₹3,70,605 |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ ടി പ്രോജക്ടിൽ ആലപ്പുഴ നീതി മെഡിക്കൽസിൽ നിന്നും മെൻസ്ട്രൽ കപ്പുകൾ 1323 എണ്ണം 280/- രൂപ നിരക്കിൽ പർച്ചേസ് ചെയ്തിട്ടുണ്ട്. പി.എച്ച്.സി യുടെ കീഴിലുള്ള നാല് സബ്സെന്ററുകളിലെ വിതരണ രേഖകൾ പരിശോധിച്ചതിൽ 281 എണ്ണം വിതരണം നടത്താനവശേഷിക്കുന്നതായി കാണുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.21/27.10.25) ലഭ്യമാക്കിയ മറുപടിയിൽ 3 മാസത്തിനകം വിതരണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചു. വിതരണം ചെയ്യാനവശേഷിക്കുന്ന 281 മെൻസ്ട്രൽ കപ്പുകൾക്കായി വിനിയോഗിച്ച 78680/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണം പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-21 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് നൽകൽ -കോഴ്സ് പൂർത്തിയായവർക്ക് ആനുകൂല്യം അനുവദിച്ചു**

ലാപ്ടോപ്പ് വിതരണത്തിനായി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ പദ്ധതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് പ്രോജക്ട്നം- S0147/25 Spill Over | ₹8,00,000/- (വികസന ഫണ്ട് ജനറൽ) | ₹7,70,385/- (വികസന ഫണ്ട് ജനറൽ) | TRN240605000000006292/ 6.7.2024, ₹669900/- TRN240605000000024558/ 19.3.2025, ₹100485/- |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഷിനു എം തോമസ് എന്ന വിദ്യാർത്ഥി 2021 ലാണ് 2 വർഷ ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ എം.എൽ.റ്റി കോഴ്സിന് അഡ്മിഷൻ എടുത്തിരിക്കുന്നത്. ഹാജരാക്കിയ 22.11.23 ലെ കോഴ്സ് സർട്ടിഫിക്കറ്റിൽ, 2021 ൽ ആരംഭിച്ച കോഴ്സിൽ രണ്ടാം വർഷം പഠിക്കുന്നതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ലാപ്ടോപ്പുകൾ പർച്ചേസ് ചെയ്തിരിക്കുന്നത് 05.3.2024 ൽ ആണ്. 2023 ൽ കോഴ്സ് പൂർത്തിയാക്കിയ ടി വിദ്യാർത്ഥിയിൽ നിന്നും 14.3.2024 ൽ അപേക്ഷ സ്വീകരിച്ച് ലാപ്ടോപ്പ് വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. കോഴ്സ് പൂർത്തീകരിച്ച ശേഷം ആനുകൂല്യം നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.17/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കോഴ്സ് പൂർത്തിയാക്കിയ ശേഷം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവിന് ലാപ്ടോപ്പിനായി ചെലവഴിച്ച 33495/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ നീട്ടൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായില്ല**

പ്രോജക്ട് നമ്പർ : S0142/25

പ്രോജക്ടിന്റെ പേര് : വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ നീട്ടൽ

നിർവഹണം-സെക്രട്ടറി

അടങ്കൽ-വികസന ഫണ്ട്- ₹8,30,617/-

ചെലവ്- ₹6,99,952/-

(1.യു.റ്റി.ആർ നം.RBI1742437850934 ക്രെഡിറ്റ് ചെയ്ത തീയതി-21.06.2024)

വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ നീട്ടൽ എന്ന പ്രവൃത്തിയ്ക്കായി മേൽ ബില്ല് പ്രകാരം 6,99,952/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.57042309700) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ടി പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/27.10.2025) മറുപടി ലഭ്യമാക്കിയില്ല. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 6,99,952/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-23 ഭിന്നശേഷി പുനരധിവാസകേന്ദ്രം വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്റ്റ് നം. | S0171/25 |
| പദ്ധതിയുടെ പേര് | ഭിന്നശേഷി പുനരധിവാസകേന്ദ്രം വിഹിതം നല്കൽ |
| അടങ്കൽ | ₹1,00,000/- വികസന ഫണ്ട് |
| ചെലവ് | ₹1,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| ബിൽ റെഫറൻസ് നം./ തീയതി | 24060552019001484244 തീയതി 10.03.2025 |

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. ആയതിലേയ്ക്ക് മേൽ പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് 1,00,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/24.10.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഫയലിൽ അറ്റാച്ച് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-24 ഡിമാന്റ് നോട്ടീസ് വിതരണം - തുക നല്കിയതിന്റെ ചെലവ് രേഖ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തതിന്റെ തുക നല്കുന്നതിനായി വൌച്ചർ നം. 22400703/17.12.2024 പ്രകാരം 66310/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഷേർളി എം.എ) എന്ന വ്യക്തിക്ക് 3020/- രൂപ നല്കിയിരിക്കുന്നതിന് അനുബന്ധ രേഖകൾ ഒന്നും ലഭ്യമല്ല. ഷേർളി ടോമിച്ചൻ എന്ന വ്യക്തി 2-ാം വാർഡിലെ 55 വീടുകളിൽ നോട്ടീസ് വിതരണം നടത്തിയതായും ബാക്കി തിരികെ നല്കിയിട്ടുണ്ടെന്നും വിതരണം നടത്തിയതിന്റെ തുക നല്കണമെന്നുമുള്ള സമർപ്പണം ഉണ്ടെങ്കിലും ടിയാൾ സമർപ്പിച്ച ബാങ്ക് അക്കൌണ്ടിലേക്ക് തുക നല്കിയിട്ടില്ല. വിശദീകരണവും രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/27.10.2025) നല്കിയതിന് മറുപടിയായി ഷേർളി എം.എ), ഷേർളി ടോമിച്ചൻ എന്നിവർ ചേർന്നാണ് ഡിമാന്റ് നോട്ടീസ് വിതരണം നടത്തിയതെന്നും ആകെ 302 വീടുകളിൽ നോട്ടീസ് വിതരണം നടത്തിയതിന്റെ തുകയായ 3020/- രൂപ ഷേർളി എം.എ എന്നയാൾക്ക് നൽകിയതിൽ നിന്നും 55 വീടുകൾക്കുള്ള 550 രൂപ ഷേർളി ടോമിച്ചന് നല്കിയിട്ടുണ്ടെന്നും രേഖകൾ ILGMS ൽ ഉൾപ്പെടുത്താൻ വിട്ടുപോയെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഇപ്രകാരം ഒരു വ്യക്തിക്ക് നല്കേണ്ട തുക മറ്റൊരാളുടെ അക്കൌണ്ടിലേക്ക് നല്കുന്നതും ആയതിന് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കാതിരിക്കുന്നതും യഥാർത്ഥ ഗുണഭോക്താവിന് തുക നൽകിയതിന്റെ തെളിവാകുന്നില്ല. കൈപ്പറ്റ് രസീതുകളും ചെലവ് രേഖകളും ILGMSൽ ഉൾപ്പെടുത്താൻ വിട്ടുപോകുന്നതും ശരിയായ പ്രവണതയല്ല. രേഖകളുടെ അഭാവത്തിൽ 3020/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ILGMS ൽ ഉൾപ്പെടുത്താത്ത ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-25 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആദായനികുതി ഈടാക്കി

2024-25 വർഷത്തെ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്കായി സൈറ്റുകളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചു നൽകിയിരിക്കുന്നത് റെനിൻ ബേബി, മിത്ര എന്ററ‍ർ പ്രൈസസ്, മുട്ടുചിറ എന്ന സ്ഥാപനം ആണ്. തൻവർഷം വിവിധ ബില്ലുകൾ പ്രകാരം 286 പ്രവൃത്തികൾക്ക് ബോർഡ് സ്ഥാപിച്ചു നൽകിയ ഇനത്തിൽ 282844 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1%, സ്ഥാപനങ്ങളാണെങ്കിൽ 2% നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് 2% ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/24.10.25) നൽകിയതിന്റെ അടിസ്ഥാനത്തിൽ 24.10.25 ലെ 25001236 നമ്പർ രശീതി പ്രകാരം 5657/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. തനതുഫണ്ടിൽ നിന്നും ടി തുക ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 ആദായ നികുതി-സ്രോതസിൽ കുറവ് ചെയ്യാത്തത് സംബന്ധിച്ച്

ആദായ നികുതി നിയമം വകുപ്പ് 194J പ്രകാരം പ്രൊഫഷണൽ, ടെക്നിക്കൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് 30000/-രൂപയിൽ അധികം പ്രതിഫലം നല്കുന്ന സന്ദർഭങ്ങളിൽ 2% സ്രോതസിൽ നികുതി കുറവ് ചെയ്യേണ്ടതാണ്. (Section 194J Of The Income Tax Act Mandates Tax Deductions At Source (TDS) In Respect Of Payments Made For Professional And Technical Services Exceeding Rs. 30,000 In A Financial Year. Generally, The TDS Rate Is 10%, But It Varies Based On The Type Of Service, With Technical Services Requiring A 2% Deduction.)

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോ ദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിൽ പ്രൊഫഷണൽ, ടെക്നിക്കൽ സേവനങ്ങൾ പ്രദാനം

ചെയ്യുന്ന സ്ഥാപനങ്ങൾക്ക് തുക നല്കിയപ്പോൾ 2% സ്രോതസിൽ നികുതി കുറവ് ചെയ്തില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. പ്രോജക്ട് നം. | S0003/25 |
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് |
| നിർവ്വഹണം. | സെക്രട്ടറി |
| അടങ്കൽ | ₹1,10,183/- (വികസന ഫണ്ട്) |
| ചെലവ് | ₹1,10,183/- |
| ബിൽ റെഫറൻസ് നം. | 240605520190010230360 തീ.12.12.2024 |
| തുക കൈപ്പറ്റിയ സ്ഥാപനം | കെൽട്രോൺ |
| ആകെ വേലമൂല്യം | ₹93375/- |
| കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി | ₹1868/- |

ആദായ നികുതി കുറവ് ചെയ്തിട്ടുണ്ടോയെന്നന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/24.10.2025) തുക ഒടുക്കുന്നതിന് കെൽട്രോണിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-27 ക്ഷേമ പെൻഷൻ അനർഹമായ കാലയളവിലേക്ക് തുക നൽകി**

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിലെ പെൻഷൻ സസ്പെൻഷൻ/റിവോക്ക് ലിസ്റ്റ് പരിശോധിച്ച തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിട്ടതിനാൽ മരണശേഷവും നാഷണലൈസ്ഡ് ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് /വിലാസം | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | പെൻഷൻതരം/ ഐഡി | പെൻഷൻ കൈപ്പറ്റിയിട്ടുള്ള അനർഹമായ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | ശിവദാസൻ, കല്യാണിപറമ്പിൽ | 14.12.2024/ 12.09.2025 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ -104310202414 | 01/2025-07/2025 | 11200 (7x1600) |

പെൻഷൻ സസ്പെൻഡ് ചെയ്യുമ്പോൾ അനർഹമായ കാലയളവിലേക്ക് നൽകിയ തുക അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടോ എന്നത് അറിയിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(12/27.10.2025) നല്കിയതിന് തുക തിരികെ ഒടുക്കുന്നതിന് ടിയാളിന്റെ അനന്തരവകാശിക്ക് കത്ത് നല്കിയതിന്റെ പകർപ്പ് ഹാജരാക്കി. തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

**1-28 തോട് ആഴം കൂട്ടി വൃത്തിയാക്കൽ -MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് അധികച്ചെലവിന് ഇടയാക്കി**

ലോക്കൽ ഇൻഫ്ര സ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26.03.21 ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യൂ) പ്രകാരം റോഡ് പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്കും MoRD സ്പെസിഫിക്കേഷനും കെട്ടിടങ്ങൾക്കും അനുബന്ധപ്രവൃത്തികൾക്കും DSR സ്പെസിഫിക്കേഷനും ഉപയോഗിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ

നിർദ്ദേശമനുസരിച്ചും റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

| ഇനം | എസ്റ്റിമേറ്റിൽ അനുവദിച്ചത് - MoRD | | അനുവദനീയമായത് - DSR | |
|---|---|---|---|---|
| | സ്പെസിഫിക്കേഷൻ കോഡ് | നിരക്ക് | സ്പെസിഫിക്കേഷൻ കോഡ് | നിരക്ക് |
| എർത്ത് വർക്ക് എക്സ്കവേഷൻ | 3.5.1 | 402.03 | 2.8.1 | 309.99/$m^3$ |
| DR മേസനറി | OD124755/2023-2024 | 5672.48 | 60.7.1 | 3644.43/$m^3$ |
| RR മേസനറി | OD124756/2023-2024 | 8223.61 | 7.1.1 | 7520.38 /$M^3$ |

അതിനാൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ നടപ്പിലാക്കിയതിനാൽ അധികചെലവുണ്ടായി. പ്രവൃത്തികളുടെ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെ ചേർക്കുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്ന പ്രവൃത്തികൾ MoRD ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത്. പ്രവൃത്തികളുടെ ലൊക്കേഷൻ സ്കെച്ച് പ്രകാരം കല്ല് കെട്ടി സംരക്ഷിച്ചിരിക്കുന്ന ഭാഗം റോഡിനോട് ചേർന്നുള്ളവയല്ല. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

(1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുളിത്തറ തോട് ആഴം കൂട്ടി വത്തിയാക്കൽ, വാർഡ് -3 |
| പ്രോജക്ട് നമ്പർ | S0180/25(സ്പിൽ ഓവർ) |
| വകയിരുത്തൽ | 250000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 250000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ, എം.ബുക്ക് നം. | രാജേഷ്.സി, LSGD/CELSGD/MB/44812/2023-5-1-1 |
| ചെലവു വിവരം | XVFC/2024-25/P/7/13.08.24 |

അധികം ചെലവഴിക്കാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ചെയ്ത ഇനം | അനുവദിച്ച അളവും തുകയും | DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുമ്പോൾ വരുന്ന തുക | അധികം |
|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 11.08400 $M^3$ @ 402 = 4455.77 | 11.08400 $M^3$ @ 309.99 = 3435.93 | 1020 |
| DR മേസനറി | 28.95800 $M^3$ @ 5672.48 = 164263.68 | 28.95800 $M^3$ @ 3644.43 = 105535.40 | 58728 |
| RR മേസനറി | 5.24700 $M^3$@ 8200 = 43025.40 | 5.24700 $M^3$@ 7520.38 = 39459.43 | 3566 |
| ആകെ | | | 63314 |

(2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആലുങ്കൽ പാലക്കാട്ടുശ്ശേരി തോട് ആഴം കൂട്ടി വത്തിയാക്കൽ , വാർഡ് -9 |
| പ്രോജക്ട് നമ്പർ | S0207/25(സ്പിൽ ഓവർ) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| വകയിരുത്തൽ | 275000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 275000 |
| കരാറുകാരൻ, എം.ബുക്ക് നം. | കെ.എസ്.മനോജ്കുമാർ, LSGD/CELSGD/MB/77077/2023-5-1-1 |
| ചെലവു വിവരം | XVFC/2024-25/P/45/08.01.25 |

അധികം ചെലവഴിക്കാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ചെയ്ത ഇനം | അനുവദിച്ച അളവും തുകയും | DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുമ്പോൾ വരുന്ന തുക | അധികം |
|---|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 14.175 $M^3$ @ 402.03 = 5698.78 | 14.175 $M^3$ @ 309.99 = 4394.11 | 1305 |
| DR മേസനറി | 33.480 $M^3$ @ 5672.48 = 189914.63 | 33.480$m^3$ @ 3644.43 = 122015.52 | 67899 |
| RR മേസനറി | 4.320 $M^3$@ 8223.61 = 35525.99 | 4.320 $M^3$@ 7520.38 = 32488.04 | 3038 |
| ആകെ | | | 72242 |

മേൽ പ്രവൃത്തികൾ MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ഉയർന്ന നിരക്ക് ക്വോട്ടുചെയ്യാനും അതുവഴി അധികച്ചെലവിനും ഇടയാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 25/28.10.25), മേൽ പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ടിരുന്നതും 2024-25 ൽ സ്പിൽ ഓവറായതും ആണ്. ആ സമയത്ത് കഞ്ഞിക്കുഴി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ പക്കൽ നിന്നും MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റുകൾക്ക് സാങ്കേതിക അനുമതി കിട്ടി പ്രവൃത്തി നടപ്പിലാക്കി. 2024-25 മുതൽ റോഡ് സൈഡ് അല്ലാതെയുള്ള നിർമ്മാണ പ്രവൃത്തികൾ എല്ലാം തന്നെ DSR സ്പെസിഫിക്കേഷനിൽ ആണ് സാങ്കേതിക അനുമതി കിട്ടി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. തെറ്റ് ഇനി ആവർത്തിക്കില്ലായെന്നും മറുപടി ലഭ്യമാക്കി. റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 പഞ്ചായത്തിന് കീഴിലെ സർക്കാർ സ്കൂളുകൾക്ക് ബെഞ്ച്,ഡെസ്ക് - ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തി

പ്രോജക്ട് നം. - S0205/25(സ്പിൽ ഓവർ)
പ്രോജക്ടിന്റെ പേര് -പഞ്ചായത്തിന് കീഴിലെ സർക്കാർ സ്കൂളുകൾക്ക് ബെഞ്ച്, ഡെസ്ക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കടക്കരപ്പള്ളിഫണ്ടിനം

| | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 438399 | 433754 (ടിആർഎൻ 240605000000008304/08.08.24) |

മേൽ പ്രോജക്ട് പ്രകാരം 52 സെറ്റ് ബെഞ്ചും ഡെസ്കും സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 45 സെന്റീമീറ്റർ ഉയരമുള്ള ബെഞ്ചും (180x30x45) 75 സെന്റീമീറ്റർ ഉയരമുള്ള ഡെസ്കുമാണ് വാങ്ങിയിട്ടുള്ളത്. സിഡ്കോയിൽ നിന്നുള്ള വാങ്ങലിന്റെ വിവരം താഴെ ചേർക്കുന്നു.(ടാക്സ് ഇൻവോയ്സ് നം. ALPY/23-24/201/28.02.24)

| Item Name | Unit Price | Quantity | Gross Value |
|---|---|---|---|
| Anjili Wood Bench Plank Leg 180X30X45 Cm | 3127 | 52 | 162604 |

| | | | |
|---|---|---|---|
| AW Desk Of 180X42.5X75cm | 3942 | 52 | 204984 |
| CGST (18%) | | | 33082.92 |
| SGST(18%) | | | 33082.92 |
| Round Off | | | 0.16 |
| Grand Total | | | 433754 |

മേൽ പ്രോജക്ടിൽ നിന്നും 433754 രൂപ ചെലവഴിച്ച് 52 സെറ്റ് ബെഞ്ചും ഡെസ്കും വാങ്ങിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കടക്കരപ്പള്ളി തന്നെ 26 സെറ്റ് ബെഞ്ചും ഡെസ്കും കൈപ്പറ്റി. അവശേഷിക്കുന്ന 26 സെറ്റ് ബെഞ്ചും ഡെസ്കും ജി.എൽ.പി.എസ്.തൈക്കൽ, ജി.യു.പി.എസ്, കടക്കരപ്പള്ളി, ജി.എൽ.പി.എസ്. കൊട്ടാരം എന്നീ 3 സ്കൂളുകളിലേക്കും നൽകി. ഇത്രയും ഉയരമുള്ള ബെഞ്ചും ഡെസ്കും എൽ.പി.സ്കൂൾ, യു.പി.സ്കൂൾ കുട്ടികൾക്ക് ഉപയോഗിക്കാൻ അനുയോജ്യമല്ലാത്തതിനാൽ 52 സെറ്റ് ബെഞ്ചും ഡെസ്കും കുട്ടികളുടെ പഠനാവശ്യത്തിന് ഉപയോഗിക്കാതെ സ്കൂളുകളിൽ വിവിധ ഇടങ്ങളിലായി സൂക്ഷിച്ചിരിക്കുന്നു. ആവശ്യകത പരിഗണിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 16/27.10.25), കുട്ടികൾക്ക് ഉപയോഗിക്കാൻ തരത്തിൽ ബെഞ്ചുകളും ഡെസ്കുകളും ആവശ്യമായ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതും മേലിൽ ആവശ്യകത പരിഗണിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 അവിദഗ്ധ തൊഴിൽ ദിനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും അധികമായി തുക അനുവദിച്ച് നൽകി

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന നിർമ്മാണ പ്രവൃത്തികളിൽ അവിദഗ്ദ്ധ തൊഴിൽ ചെയ്തു കൊടുക്കുന്നതിന് പ്രവൃത്തിയുടെ ആരംഭം മുതൽ പൂർത്തീകരണം വരെ 90 മനുഷ്യദിനങ്ങൾക്ക് മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തിയിലെ ഓരോ ഘട്ടങ്ങളും പൂർത്തിയാവുമ്പോൾ എസ്റ്റിമേറ്റ് നിരക്കിൽ അനുവദിക്കുന്ന മനുഷ്യദിനങ്ങൾ താഴെ ചേർക്കുന്നു.

| ഘട്ടം | മനുഷ്യദിനം |
|---|---|
| അടിത്തറ നിർമ്മാണം | 28 |
| ലിന്റൽ | 24 |
| ഉത്തരപ്പൊക്കം | 10 |
| പൂർത്തീകരണം | 28 |
| ആകെ | 90 |

ഫയലുകൾ പരിശോധിച്ചതിൽ, ചില പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പ്രകാരം അംഗീകരിച്ച നിരക്കിനേക്കാൾ അധികമായി കൂലി അനുവദിച്ച് നൽകി. ആയതിൽ ഏതാനും പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി യുടെ പേര്, വർക്ക് കോഡ് | ഉടമയുടെ പേര്, മേൽ വിലാസം | എസ്റ്റിമേറ്റ് പ്രകാരം 1 ദിവസ ത്തെ കൂലി | പ്രവൃത്തി യുടെ നില വിലെ സ്ഥിതി | തുക അനുവദിച്ച് നൽകിയ ആകെ മനുഷ്യ ദിനം | അനു വദിച്ച നിരക്ക് | അനു വദിച്ച് നൽകിയ തുക | എസ്റ്റിമേറ്റ് പ്രകാരം അനുവദി ക്കാവുന്ന തുക | അധികം അനുവദിച്ച് നൽകിയ തുക | എഫ്.ടി.ഒ. നം./ തീയതി |
|---|---|---|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവനം (അമ്മിണി) IF/1058246 | അമ്മിണി, കോരനല്ലൂർ, വാർഡ് - 9 | 333 | പൂർത്തീ കരിച്ചു | 90 | 346 | 31140 | 29970 | 1170 | 531723/ 17.10.24 |
| 2 | ലൈഫ് ഭവനം (തങ്കച്ചി) IF/1058238 | തങ്കച്ചി, മാളിയക്കൽ, വാർഡ് -11 | 333 | പൂർത്തീ കരിച്ചു | 90 | 346 | 31140 | 29970 | 1170 | 682522/ 27.11.24 |
| 3 | ലൈഫ് ഭവനം (വൽസല) IF/1067932 | വൽസല, മടത്തുംമുറി, വാർഡ് -7 | 333 | ഉത്തര പ്പൊക്കം | 62 | 346 | 21452 | 20646 | 806 | 867732/ 16.01.25 |
| 4 | ലൈഫ് ഭവനം (ഫിലോമിന) IF/1055432 | ഫിലോമിന, കുന്നുമ്മേൽ, വാർഡ് -14 | 333 | ഉത്തര പ്പൊക്കം | 52 | 346 | 17992 | 17316 | 676 | 334865/ 09.08.24 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 5 | ലൈഫ് ഭവനം (സൂസി സെബാസ്റ്റ്യൻ) IF/1129689 | സൂസി സെബാസ്റ്റ്യൻ, കമ്പോളത്ത് പറമ്പിൽ, വാർഡ് -3 | 346 | പൂർത്തീ കരിച്ചു | 90 | 346 രൂപ വീതം 78 ദിവസം, 369 രൂപ വീതം 12 ദിവസം | 31416 | 31140 | 276 | 1057531/ 27.02.25 |
| 6 | ലൈഫ് ഭവനം (ബേബി മാത്യു) IF/1058240 | ബേബി മാത്യു, തട്ടാം പറമ്പിൽ, വാർഡ് -14 | 333 | ഉത്തര പ്പൊക്കം | 90 | 346 | 31140 | 20646 (62X 333) | 10494 | 72580/ 03.05.24 |
| 7 | ലൈഫ് ഭവനം (റോസിലി) IF/1058712 | റോസിലി, വാലയിൽ, വാർഡ് -3 | 333 | ഉത്തര പ്പൊക്കം | 62 | 346, 369 | 22234 (28X346 = 9688) (34X369 = 12546) | 20646 | 1588 | 86844/ 09.05.24 |
| 8 | ലൈഫ് ഭവനം (ജസ്റ്റിൻ) IF/1058736 | ജസ്റ്റിൻ, കുരിശിങ്കൽ, വാർഡ് -1 | 333 | പൂർത്തീ കരിച്ചു | 90 | 346 | 31140 | 29970 | 1170 | 342648/ 13.08.24 |
| 9 | ലൈഫ് ഭവനം (അംബികാ ദേവി) IF/1055692 | അംബികാ ദേവി, കോനം പറമ്പ്, വാർഡ് -9 | 333 | പൂർത്തീ കരിച്ചു | 90 | 346 | 31140 | 29970 | 1170 | 106145/ 18.05.24 |
| 10 | ലൈഫ് ഭവനം (പുഷ്പ) IF/1057249 | പുഷ്പ പ്രസന്നൻ, പടിയത്ത്, വാർഡ് -9 | 333 | ഉത്തര പ്പൊക്കം | 52 | 346 | 17992 | 17316 | 676 | 223102/ 04.07.24 |

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികമായി തുക അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/24.10.25), മേൽ പ്രവൃത്തികൾ 2023-24 സാമ്പത്തിക വർഷം ആരംഭിച്ചതും 2024-25 ൽ സ്പിൽ ഓവറായതുമാണ്. സെക്യൂർ സോഫ്റ്റ്‌വെയറിൽ നിന്നുള്ള 2024-25 ലെ നിരക്ക് നൽകിയതാണ്. റിവൈസ് ചെയ്ത എസ്റ്റിമേറ്റ് തയ്യാറാക്കി ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണെന്നും മേലിൽ ഈ തെറ്റ് ആവർത്തിക്കില്ലായെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ സ്പിൽ ഓവറായി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ഹെൽത്ത് ഗ്രാന്റ്-വിനിയോഗവും ഫലപ്രാപ്തിയും

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ പ്രകാരം ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്കീം 3, 4 പ്രകാരമുള്ള പ്രോജക്ടുകൾക്കാണ് തുക വകയിരുത്തി നടപ്പാക്കിയിട്ടുള്ളത്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്കീം 3, 4 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം</u>

സ്കീം-3

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|
| 2022-23 | 239640 | 0 | 239640 |
| 2023-24 | 765136 | 326986 | 438150 |
| 2024-25 | 335756 | 335335 | 421 |

സ്കീം-4

| വർഷം | ലഭിച്ച | ചെലവഴിച്ച | നീക്കിയിരുപ്പ് |
|---|---|---|---|

| | തുക | തുക | |
|---|---|---|---|
| 2022-23 | 111570 | 0 | 111570 |
| 2023-24 | 331946 | 149986 | 181960 |
| 2024-25 | 526130 | 260506 | 265624 |

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

| വർഷം | ഗ്രാന്റ് | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2023-24 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ (S0184/23) | ₹110000 | ₹74500 | ₹35500 |
| 2023-24 | പി.എച്ച്.സിയ്ക്ക് രോഗ നിർണ്ണയ ഭൗതീക സാഹചര്യങ്ങൾ (S0183/23) | ₹236447 | ₹223822 | ₹12625/- |
| 2023-24 | പി.എച്ച്.സിയ്ക്ക് രോഗ നിർണ്ണയ ഭൗതീക സാഹചര്യങ്ങൾ ഏർപ്പെടുത്തൽ (S0186/24)Spill Over | ₹750000 | ₹103164 | ₹646836 |
| 2023-24 | സബ് സെന്ററുകളെ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കൽ (S0177/24) | ₹325000 | ₹75486 | ₹249514 |
| 2024-25 | ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ (S0249/25) | ₹35500 | ₹26,593 | ₹8907 |
| 2024-25 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0250/25) Spill Over | ₹12,625 | ₹12,625 | 0 |
| 2024-25 | സബ് സെന്ററുകളെ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കൽ (S0252/25) Spill Over | ₹2,49,514 | 231343 | ₹1,81,71 |
| 2024-25 | ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (S0251/25)Spill Over | ₹6,46,836 | ₹3,22,710 | ₹3,24,126 |

ഹെൽത്ത് ഗ്രാന്റിനത്തിൽ 2022-23 വർഷം ലഭിച്ച തുകയുടെ ചെറിയ ഒരു ഭാഗം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും

ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ, പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിലെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-32 ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന അവലോകനം**

ഇന്ത്യയിലെ എല്ലാ ഗ്രാമീണ വീടുകളിലും രണ്ടായിരത്തിഇരുപത്തിനാലോടെ വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകളിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻ പദ്ധതി. ജലസംരക്ഷണം, മഴവെള്ള സംഭരണം, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകി കമ്മ്യൂണിറ്റി പങ്കാളിത്തത്തോടെയുള്ള ജലപരിപാലനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം 15% ഉം, ഗുണഭോക്തൃ വിഹിതം 10% ഉം ആണ്. പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം എൽ എ. മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സ.ഉ (സാധാ.)നം.4584/2020/ധനം, തീയതി-10/08/2020 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ പദ്ധതിക്കായി 2020-21 ൽ പ്രോജക്ട് നം. S00169/21 പ്രകാരം 15 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്ത് വിഹിതമായ 9,00,000/-രൂപയാണ് ചെലവഴിച്ചിട്ടിട്ടുള്ളത്. പിന്നീടുള്ള വർഷങ്ങളിൽ ഇതിനായി പ്രോജക്ട് രൂപീകരിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

കേന്ദ്രസംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയിൽ ഭാഗമായി ലക്ഷ്യം കൈവരിക്കാനായാൽ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതോടൊപ്പം പൊതുടാപ്പുകളുടെ വെള്ളക്കരമടവ് എന്ന പഞ്ചായത്തിന്റെ ബാധ്യത ഭാവിയിൽ പൂർണ്ണമായും ഒഴിവാകാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ ജലജീവൻ പദ്ധതിക്കായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസൃതമായി തുക വകയിരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 പുഷ്പ കൃഷി -തൈകൾ വാങ്ങുന്നതിനായി ഗുണഭോക്തൃവിഹിതം പിരിച്ചില്ല**

നിർവ്വഹണം-കൃഷി ഓഫീസർ

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|
| പുഷ്പകൃഷി വനിതാ ഗ്രൂപ്പുകൾക്ക് പ്രോജക്ട് നം.S0121/25 | ₹2,25,000/-(₹2,00,000/- വികസന ഫണ്ട് ജനറൽ,₹25,000/- ഗുണഭോക്തൃ വിഹിതം) | ₹2,25,000/-(₹2,00,000/- വികസന ഫണ്ട് ജനറൽ,₹25,000/- ഗുണഭോക്തൃ വിഹിതം) | TRN 24060500000006287/ 6.7.24, ₹1,25,000/- TRN24060500000006290/ 6.7.24,₹75,000/- ചെക്ക് നം. 330819/ 10.12.24, ₹25,000/- |

ടി പ്രോജക്ടിൽ 15 വനിതാ ഗ്രൂപ്പുകൾക്കാണ് ബന്ദിചെടിയുടെ തൈകളും വളവും വിതരണം നടത്തിയിരിക്കുന്നത്. 10 സെന്റ് സ്ഥലത്തിന് 2000 തൈകളും 200 കിലോഗ്രാം ജൈവവളവും എന്ന രീതിയിലാണ് വിതരണം നടത്തിയിരിക്കുന്നത്. വികസന ഫണ്ടിൽ നിന്നും ₹1,25,000/- രൂപ ചെലവഴിച്ച് കടക്കരപ്പള്ളി എ ഗ്രേഡ് ക്ലസ്റ്ററിൽ നിന്നും തൈ ഒന്നിന് ₹2.5/- രൂപ നിരക്കിൽ 50,000 ബന്ദിചെടിയുടെ തൈകൾ പർച്ചേസ് ചെയ്തിട്ടുണ്ട്(ഇൻവോയ്സ് നം.641/20.6.2024, ₹1,25,000/-). സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.5.2022) ഖണ്ഡിക 6.1.5 പ്രകാരം ജനറൽ വിഭാഗത്തിന് പുഷ്പകൃഷിയ്ക്കുള്ള തൈകൾ 75% സബ്സിഡി നിരക്കിൽ വിതരണം നടത്താവുന്നതാണ്. എന്നാൽ ടി പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതം പിരിയ്ക്കാതെ 100% സബ്സിഡിയിലാണ് തൈകൾ വിതരണം നടത്തിയിരിക്കുന്നത്. ഇതുമൂലം വികസനഫണ്ടിൽ നിന്നും ₹31250/- അധികം ചെലവഴിക്കാനിടയായിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 31250/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ടി തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ₹31250/-രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

കൂടാതെ 01.7.2024 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(1) നമ്പർ തീരുമാന പ്രകാരം 31 വനിതാ ഗ്രൂപ്പുകളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (10/27.10.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകൾക്ക് ഗ്രാമസഭയിൽ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**3-2 പാലിന് സബ്സിഡി തുക അധികം നല്കി**

സബ്സിഡി മാർഗ്ഗരേഖ (സ.ഉ. (കൈ)(കൈ)115/2022/ത.സ്വ.ഭ.വ., തീയതി 28.5.2022) ഖണ്ഡിക 6.3 പട്ടിക ക്രമ നം.9 പ്രകാരം ക്ഷീരകർഷകർക്ക് ഒരു വർഷം പാലിന് സബ്സിഡിയായി പരമാവധി 40000/- രൂപയാണ് നല്കാവുന്നത്. ഗ്രാമപഞ്ചായത്തിലെ ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പ്രോജക്ടിലുൾപ്പെടുത്തി തങ്കി നിർമ്മൽ ക്ഷീരോല്പാദകസംഘത്തിലെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം (4/2024 മുതൽ 2/2025 വരെ) മാർഗരറ്റ് ജോൺകുട്ടി എന്ന വ്യക്തിക്ക് അധികമായി തുക നല്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | ബിൽ റഫറൻസ് നമ്പർ/തീയതി | ബിൽ തുക | ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയ തുക |
|---|---|---|---|
| S010/25 പാലിന് സബ്സിഡി | 24060552020401061421/19.12.24 | 38283/- | 11430/- |
| | 24060552020401061424/19.12.24 | 8319/- | 4020/-- |
| | 24060552020401109857/30.12.24 | 18915/- | 9249/- |
| | 24060552020401109867/30.12.24 | 9132/- | 4470/- |
| | 24060552020401109864/30.12.24 | 7905/- | 4371/- |
| | 24060552020401350661/19.02.2025 | 62988/- | 3528/- |
| | 24060552020401457286/7.3.2025 | 70586/- | 3552/- |
| | 24060552020401424733/5.3.2025 | 3640/- | 2932/- |
| | | | 43552/- |

അനുവദനീയമായതിലും അധിക തുക (3552/- രൂപ) സബ്സിഡിയായി നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/27.10.2025) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 3552/-രൂപ തിരികെ ഒടുക്കുന്നതുവരെ നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക്**

**1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ | മെഡിസെപ്പ് പ്രീമിയമിനത്തിൽ | മെഡിസെപ്പ് പ്രീമിയമിനത്തിൽ | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|

| ജീവനക്കാരുടെ എണ്ണം | ഈടാക്കിയ തുക | ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|
| 12 | 63500/- | 63500/- | 0 | - |

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

3) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 1200000 | S0096/25 ലൈഫ് ഭവന പദ്ധതി-ജനറൽ | 1200000 | 0 |
| | 2024-25 | 199964 | S0010/25 – പാലിന് സബ്സിഡി | 199964 | 0 |
| | 2024-25 | 324200 | S0015/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 324200 | 0 |
| | 2024-25 | 208587 | S0012/25 പാലിയേറ്റീവ് പരിചരണം | 208587 | 0 |
| | 2024-25 | 500000 | S0031/25 പാപ്പറമ്പ് വേളാങ്കണ്ണി റോഡ് പുനരുദ്ധാരണം | 500000 | 0 |
| | 2024-25 | 462000 | S0146/25 ലൈഫ് ഭവന പദ്ധതി-എസ്.സി | 462000 | 0 |
| | 2024-25 | 500000 | S0061/25 തൈക്കൽ മാർക്കറ്റ് പട്ടാണശ്ശേരി റോഡ് പുനരുദ്ധാരണം | 500000 | 0 |
| | 2024-25 | 510000 | S0193/25 ആഴിത്തോട് കണ്ണന്തറ റോഡ് പുനരുദ്ധാരണം | 510000 | 0 |
| | 2024-25 | 211286 | S0013/25 അനുപൂരക പോഷകാഹാര പദ്ധതി | 211286 | 0 |
| ആകെ | | 4116037 | | 4116037 | |
| ജില്ലാ പഞ്ചായത്ത് | 2024-25 | 64584 | S0013/25 അനുപൂരക പോഷകാഹാര | 64584 | 0 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | 2024-25 | 50200 | S00145/25 പാലിയേറ്റീവ് പരിചരണം | 50200 | 0 |
| | 2024-25 | 2500000 | S0096/25 ലൈഫ് ഭവന പദ്ധതി-ജനറൽ | 2500000 | 0 |
| | 2024-25 | 105400 | S0015/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 105400 | 0 |
| | 2024-25 | 15000 | S00148/25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 15000 | |
| | 2024-25 | 100000 | S0010/25 – പാലിന് സബ്സിഡി | 100000 | 0 |
| | 2024-25 | 200000 | S0124/25 ആശ്രയ പദ്ധതി | 200000 | 0 |
| ആകെ | | 3035184 | | 3035184 | |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പ്രോജക്ട് നം., പേര് | ബിൽ നം./വൗച്ചർ നമ്പർ/ ചെക്ക്നം./തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S0142/25 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് മെയിൻ നീട്ടൽ | ബിൽ റെഫറൻസ് നം.23060552019002481071 തീയതി 23.03.2024 | ₹6,99,952/- | 0 | ₹6,99,952/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമല്ല | 33280625 | 7035338 | 40315963 | 3705535 | - | 36610428 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര | 26372669 |

| | |
|---|---|
| നിക്ഷേപം | |
| തൻവർഷം ലഭിച്ച പലിശ | 3868741 |
| ആകെ | 30241410 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ ഉൾപ്പെടെ) | 5411263 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24830147 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള സംസ്ഥാന സഹകരണ ബാങ്ക് (017691) | 18.06.2024 | 1 വർഷം | 12415074 |
| 2 | കേരള സംസ്ഥാന സഹകരണ ബാങ്ക് (017692) | 18.06.2024 | 1 വർഷം | 12415073 |

## <u>4-7 ഓഡിറ്റ് റിക്കവറി</u>

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ വ്യക്തിയുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2022-23 | 1-27 | 8690 | ശ്രീമതി.മഞ്ജുള ഷാജി ഗുണഭോക്താവ് | 1240100502/ 25.10.2024 |
| 2023-24 | 1-33 | 530 | വരദകുമാർ.കെ.ഡി കരാറുകാരൻ | 1240100878/ 25.10.2024 |
| 2022-23 | 3-3 | 2368 | രാജേഷ്.സി കരാറുകാരൻ | 1240100108/ 20.04.2024 |
| 2022-23 | 3-1 | 2529 | രാജേഷ്.സി കരാറുകാരൻ | 1240100109/ 20.04.2024 |
| 2022-23 | 3-3 | 3591 | മനോജ് കുമാർ കരാറുകാരൻ | 1240100121/ 23.04.2024 |
| 2022-23 | 3-1 | 10397 | മനോജ് കുമാർ കരാറുകാരൻ | 1240100122/ 23.04.2024 |
| 2022-23 | 3-1 | 9273 | അജീഷ്.എസ് കരാറുകാരൻ | 1240100125/ 24.04.2024 |
| 2022-23 | 3-3 | 4571 | അജീഷ്.എസ് കരാറുകാരൻ | 1240100126/ 24.04.2024 |
| 2022-23 | 3-2 | 4640 | അജീഷ്.എസ് കരാറുകാരൻ | 1240100149/ 30.04.2024 |
| 2022-23 | 3-3 | 5014 | കെ.ഭാർഗവൻ കരാറുകാരൻ | 1240100273/ 22.05.2024 |
| 2022-23 | 3-1 | 5901 | സുനിൽകുമാർ കരാറുകാരൻ | 1240100278/ 24.05.2024 |
| 2022-23 | 3-3 | 1862 | സുനിൽകുമാർ | 1240100279/ |

| | | | | |
|---|---|---|---|---|
| | | | കരാറുകാരൻ | 24.05.2024 |
| 2022-23 | 3-3 | 1933 | അതുൽ സഞ്ജയ് കരാറുകാരൻ | 1240100385/ 12.06.2024 |
| 2022-23 | 3-1 | 1967 | അതുൽ സഞ്ജയ് കരാറുകാരൻ | 1240100386/ 12.06.2024 |
| 2022-23 | 3-1 | 5620 | കെ.ഡി.വരദകുമാർ കരാറുകാരൻ | 1240100387/ 12.06.2024 |
| ആകെ | | 68886 | | |

*വാർഷിക കണക്കിൽ Recovery From Others Audit Recovery എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 9220/-രൂപ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ടതാണ്.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2012-13 | 3-4-5-2 | എം.ജി.എൻ.ആർ.ഇ.ജി.എസ്-ലേബർ ബജറ്റും വാർഷിക കർമ്മ പരിപാടികളും തയ്യാറാക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |

**4-9 ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,21,53,000/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,91,36,999/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹34,802/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹9,18,147/- |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 (1-15) | | ₹31250/- | ശ്രീമതി പിന്റു റോയ് വട്ടക്കുന്നേൽ, കൃഷി ഓഫീസർ |
| 3-2 (1-17) | | ₹3552/- | ശ്രീ.ശിവപ്രസാദ്.എസ്.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | | ₹34,802/- | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹3000/- | ശ്രീമതി പിന്റു റോയ് |

| | | |
|---|---|---|
| | | വട്ടക്കുന്നേൽ, കൃഷി ഓഫീസർ |
| 1-20 | ₹78,680/- | ഡോ.മെൽവിൻ ജെ.ഗോൺസാൽവെസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21 | ₹33,495/- | ശ്രീ.രാഗേഷ്.എസ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-22 | ₹6,99,952/- | ശ്രീ.സുരേഷ് കുമാർ.പി.ബി, സെക്രട്ടറി ഇൻ ചാർജ് |
| 1-23 | ₹1,00,000/- | ശ്രീ.ഷാജി.എസ്, സെക്രട്ടറി |
| 1-24 | ₹3,020/- | ശ്രീ.ഷാജി.എസ്, സെക്രട്ടറി |
| ആകെ | **₹9,18,147/-** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | ₹5,657/- | ശ്രീമതി നീലിമ ദാസ്, അക്രെഡിറ്റഡ് എഞ്ചിനീയർ |
| 1-26 | ₹1,868/- | ശ്രീ.ഷാജി.എസ്, സെക്രട്ടറി |
| ആകെ | **₹7,525/-** | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കുമാർ.പി.ബി, സെക്രട്ടറി ഇൻ ചാർജ് | ലഭ്യമാക്കിയില്ല | പുതുവീട്, കുന്നുമ്മ.പി.ഒ, തകഴി, ആലപ്പുഴ |
| ശ്രീ.ഷാജി.എസ്, സെക്രട്ടറി | സെക്രട്ടറി കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് | ശ്രീ.ഷാജി ഭവൻ മരുത്തോർവട്ടം.പി.ഒ ചേർത്തല, ആലപ്പുഴ പിൻ-688539 |
| ശ്രീമതി പിന്റു റോയ് വട്ടക്കുന്നേൽ, കൃഷി ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ആലപ്പുഴ | വട്ടക്കുന്നേൽ ഹൗസ്, ഈഴല്ലൂർ.പി.ഒ തൊടുപുഴ ഇടുക്കി |
| ഡോ.മെൽവിൻ ജെ.ഗോൺസാൽവെസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കടക്കരപ്പള്ളി | തോപ്പിൽ ഫിലിപ്സ് ഹൗസ്, നീണ്ടകര, കൊല്ലം 691582 |
| ശ്രീമതി.ദീപ്തി.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് | വേലമ്മചിറയിൽ കണിച്ചകുളങ്ങര.പി.ഒ ചേർത്തല, ആലപ്പുഴ |
| ശ്രീ.രാഗേഷ്.എസ്, ഫിഷറീസ് എക്സ്റ്റൻഷൻ | ഫിഷറീസ് എക്സ്റ്റൻഷൻ | മുളംകാട്ടിൽ തെക്കതിൽ |

| | | |
|---|---|---|
| ഓഫീസർ | ഓഫീസർ കടക്കരപ്പള്ളി | ആയാപറമ്പ്.പി.ഒ ചെറുതന വടക്ക് ആലപ്പുഴ |
| ശ്രീ.ശിവപ്രസാദ്.എസ്.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, കടക്കരപ്പള്ളി | അപർണ ഭവൻ ശാന്തിവിള നേമം.പി.ഒ തിരുവനന്തപുരം |
| നീലിമ ദാസ് | അക്രഡിറ്റഡ് എഞ്ചിനീയർ, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് | ചേന്നനാട്ട് മഠം, പട്ടണക്കാട് പി.ഒ, ചേർത്തല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ആകെ ഖണ്ഡിക | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | എൽ.എഫ്.എ.ജി-5/1832/11/ 16.1.2012 |
| 1997-98 | 1 | എൽ.എഫ്.എ.ജി-5/1832/11/ 16.01.2012 |
| 2001-02 | 2 | എൽ.എഫ്.എ.ജി-5/1832/11/ 16.01.2012 |
| 2006-07 &07-08 | 14 | കെ.എസ്.എ-എ.എൽ.പി/പി-11/1230/22/ 17.11.2022 |
| 2008-09 | 1 | കെ.എസ്.എ-എ.എൽ.പി/പി-11/1230/22/ 17.11.2022 |
| 2009-10 | 2 | കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2010-11 | 6 | എൽ.എഫ്.എ-പി-2/550/11/ 17.12.12, 31.1.2012 |
| 2011-12 | 10 | എൽ.എഫ്.എ-പി-2/1400/12/ 14.12.12, 8.1.2013<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2012-13 | 3 | എൽ.എഫ്.എ-പി-11/1841/14/ 20.1.15, 3.3.2015<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2013-14 | 8 | എൽ.എഫ്.എ-പി-11/680/15/ 15.7.2015 |
| 2014-15 | 9 | കെ.എസ്.എ-എ.എൽ.പി/പി-11/837/16/ 30.7.2016 |
| 2015-16 | 2 | കെ.എസ്.എ-എ.എൽ.പി/പി-11/1175/16/ 1.11.2016<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2016-17 | 5 | കെ.എസ്.എ-എ.എൽ.പി/പി-11/1034/17/ 5.8.2017<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2017-18 | 4 | കെ.എസ്.എ-എ.എൽ.പി/പി-11/1295 /18/5.9.2018<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2018-19 | 8 | കെ.എസ്.എ-എ.എൽ.പി/പി-11/122/ 29.5.2020<br>കെ.എസ്.എ-എ.എൽ.പി/പി-11/1230/22 Dtd 17.11.2022 |
| 2019-20 | 11 | കെ.എസ്.എ-എ.എൽ.പി/പി-11/385/21/ 12.4.2021 |
| 2020-21 | 18 | കെ.എസ്.എ-എ.എൽ.പി/പി-11/832 /2021/ 28.09.2021 |
| 2021-22 | 13 | കെ.എസ്.എ-എ.എൽ.പി/പി-11/1008 /22/29.9.2022 |
| 2022-23 | 19 | കെ.എസ്.എ-എ.എൽ.പി/പി-11/1129 /23/07.11.2023 |
| 2023-24 | 24 | കെ.എസ്.എ-എ.എൽ.പി/പി-11/764 /2024/07.10.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 30-06-2025 and submitted on 08-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Kadakkarapally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kadakkarapally Grama Panchayat as on 31-03-2025

**Date: 18/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kadakkarapally Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalents.

3).No further action taken to adjust the amount directly debited and credited by the bank.

4)Annual Financial Statements does not match with Expenditure statement from Sulekha Software.(CFC, Maintenance Grant-Non road, Health Grant)

5)Liability shown in the Balance Sheet inrespect of CFC Grant does not tally with the bank account opened for the purpose.

6)Lapses in making timely and accurate demand entries in taxes and non taxes revenue.

7) Receipt and payment inrespect of Health grant and payment inrespect of MGNREGS wages were not accounted in the proper account head.

8)Land in which the LSGD office building situated is not included as an asset.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്